I ഇ.ബി. XIV - കേരള നിയമസഭ/II-25

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2016 നവംബർ 8 , ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I ഉത്തരത്തിലെ തിരുത്ത്**

നക്ഷത്രചിഹ്നമിടാത്ത 53, 54,12 163 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിലെ തിരുത്ത്

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 53, 54, 163 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തു

വച്ചു.

## II അടിയന്തരപ്രമേയം

<u>സഹകരണ ബാങ്കുകളെ തകർക്കുന്ന നിലപാട്</u>

<u>മി. സ്പീക്കർ</u>: രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തി കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിലും ഒരേ സമയം അന്വേഷണം നടത്താൻ കെട്ടിച്ചമച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കൈക്കൊണ്ട ദുരുദ്ദേശപരമായ തീരുമാനം സഹകരണ മേഖലയിൽ നിക്ഷേപം നടത്തിയ പതിനായിരങ്ങളിൽ ആശങ്ക ഉണ്ടാക്കാനും സഹകരണ മേഖലയെ തകർക്കാനും വഴിയൊരുക്കിയിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): കേരള സഹകരണ നിയമപ്രകാരം ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങളിലും പരിശോധന നടത്താൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച നിരവധി പരാതികൾ സഹകരണ സംഘം രജിസ്ട്രാർക്കും

ഗവൺമെന്റിനും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ, ജില്ലാ ബാങ്കുകളിലെ ജോയിന്റ് ഡയറക്ടർ, കൺകറന്റ് ഓഡിറ്റർ, ഓഡിറ്റർമാർ എന്നിവർ ഉൾപ്പെട്ട ടീമിനെയാണ് പരിശോധനയ്ക്കായി നിയോഗിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ പരിശോധന നടക്കാത്തതിന്റെ ഭാഗമായി നിയമവിധേയമല്ലാത്ത നിരവധി കാര്യങ്ങൾ നടക്കുന്നു എന്നുള്ള അഭിപ്രായം ജില്ലാ ബാങ്കുകളിലെ ജനറൽ മാനേജർമാരുടെ യോഗത്തിൽ ഉന്നയിച്ചതു പ്രകാരമാണ് ഇത്തരത്തിൽ പരിശോധന നടത്തുന്നത്. സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനും തെറ്റായ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അവ തിരുത്താനും വേണ്ടിയുള്ള പരിശോധനാ സംവിധാനമാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പണമിടപാട് സ്ഥാപനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്ന നടപടിയാണ് ഇത്തരം പരിശോധനയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാ ബാങ്കുകളെ പിരിച്ചുവിടുക എന്ന ദുരുദ്ദേശം ഇക്കാര്യത്തിലില്ല.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിലും രാഷ്ട്രീയ ദുരുദ്ദേശത്തോടുകൂടി ഒരേ സമയം അന്വേഷണ സംഘങ്ങളെ നിയോഗിച്ച് ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 10 അംഗ അന്വേഷണ സംഘത്തെയാണ് ഈ ദൗത്യനിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. സഹകരണ ചട്ടങ്ങൾക്കും നിയമത്തിനും

അനുസൃതമായുള്ള പരിശോധന ബാങ്കുകളിൽ യഥാസമയം നടന്നുവരുന്നുണ്ട്. ഇന്റേണൽ ഓഡിറ്റിനുപുറമെ സർക്കാർ നിയോഗിച്ച കൺകറന്റ് ഓഡിറ്റർ, ഓഡിറ്റർമാർ, നബാർഡ് ഉദ്യോഗസ്ഥർ ഇവരെല്ലാം ഓരോ ഘട്ടങ്ങളിലും ബാങ്കുകളിലെ ക്രയവിക്രയങ്ങളും സാമ്പത്തിക ഇടപാടുകളും സസൂക്ഷ്മം പരിശോധിക്കുകയും ഓഡിറ്റ് പൂർത്തിയാക്കി ബാങ്കുകൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സംഘാംഗങ്ങളുടെ പ്രതിനിധികളെ സംഘടിപ്പിച്ചുകൊണ്ട് വാർഷിക പൊതുയോഗവും കൂടാറുണ്ട്. കഴിഞ്ഞ മാസമാണ് ഈ പ്രക്രിയകളെല്ലാം ജില്ലാ ബാങ്കുകളിൽ പൂർത്തിയാക്കിയത്. ബാങ്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചോ കണക്കുകളെ സംബന്ധിച്ചോ ഉള്ള പരാതി വാർഷിക പൊതുയോഗത്തിൽ ഉന്നയിക്കാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷനെ നിയോഗിക്കുന്ന എന്നുള്ള രജിസ്ട്രാറുടെ ഉത്തരവ് പുറത്തുവന്നിരിക്കുകയാണ്. അന്വേഷണം നടത്തുന്നത് സംബന്ധിച്ച വാർത്തകൾ ജില്ലാ സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിച്ച ഇടപാടുകാരെയും സഹകാരികളെയും ജില്ലാ ബാങ്കുകളിൽ നിന്ന് അകറ്റാനും ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന പ്രതീതി ജനിപ്പിക്കാനും ഇടയാക്കും. ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ട് കേരള ബാങ്കിനുവേണ്ടി പണം സ്വരൂപിക്കാനുള്ള നീക്കത്തെ കേരള ജനതയും

സഹകാരികളും എതിർത്ത് തോൽപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തിയുള്ള അന്വേഷണമല്ല നടക്കുന്നത്. നിലവിൽ സംഘങ്ങളെ സംബന്ധിച്ചുള്ള നിരവധി പരാതികളാണ് ലഭിച്ചിട്ടുള്ളത്. വിജിലൻസ് കേസ് ഉൾപ്പെടെയുള്ള ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നിലനിൽക്കുമ്പോൾ ഇത്തരത്തിൽ ഒരു അന്വേഷണം നടത്തി നിയമവിധേയമല്ലാതെ ചെയ്യുന്ന കാര്യങ്ങളെ തിരുത്താൻ നടത്തുന്ന പരിശ്രമങ്ങളെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത തകർക്കുന്നു എന്ന രീതിയിൽ പറയുന്നത് ശരിയായ നടപടിയല്ല. സഹകരണ മേഖലയിൽ ആവശ്യമായ ചർച്ചകൾ നടത്തി സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനായി എൻ.ആർ.ഐ. നിക്ഷേപം ഉൾപ്പെടെ സ്വീകരിച്ച് വായ്പക്കാർക്ക് ചുരുങ്ങിയ പലിശയ്ക്ക് വായ്പ കൊടുത്ത് സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് സഹകരണ മേഖലയെ പ്രയോജനപ്പെടുത്താൻ കഴിയുന്ന നിർദ്ദേശമാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. സഹകരണ മേഖലയെ ശക്തിപ്പെടുത്താനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. രാഷ്ട്രീയ പ്രേരിതമാണെന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കളും ശ്രീ. കെ. എം. മാണിയും പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിടില്ലെന്ന് ഉറപ്പുനൽകാൻ ബഹു. മന്ത്രി തയ്യാറാകാത്തത് ഗൗരവമായി കാണേണ്ട വിഷയമാണ്. ഇക്കാര്യത്തിലുള്ള ആശങ്ക രേഖപ്പെടുത്തുന്നു.

(ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിടുമെന്ന് ഉറപ്പുനൽകാൻ തയ്യാറാകാത്ത മന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ്ജും പ്രസ്താവന നടത്തിയശേഷം സഭയിൽനിന്നും പുറത്തുപോയി. പുറത്തു പോയ അംഗങ്ങൾ അൽപ സമയത്തിനുശേഷം തിരികെ ഹാജരായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കാർഷിക വായ്പാ സഹകരണ സംഘങ്ങളും കൂടിച്ചേരുമ്പോൾ

സംസ്ഥാനത്തിന്റെ വികസനത്തിന് സഹായം നൽകുന്ന ഏറ്റവും വലിയ ബാങ്കായി മാറും. സഹകരണ മേഖലയ്ക്ക് ഇന്നുള്ള പ്രാധാന്യം നഷ്ടപ്പെടാതെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികളുമായി മുന്നോട്ടുപോകും.

## III ശ്രദ്ധക്ഷണിക്കൽ

(1) <u>കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി</u>

<u>ശ്രീ. കെ. വി. വിജയദാസ്</u>: 2008-09-ലെ റെയിൽവേ ബഡ്ജറ്റിൽ പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനായി 5,000 കോടി രൂപ നീക്കിവച്ചിരുന്നെങ്കിലും അത് 550 കോടി രൂപയായി വെട്ടിച്ചുരുക്കുകയാണുണ്ടായത്. പ്രസ്തുത കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിട്ടെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 2008-09-ലെ റെയിൽവേ ബഡ്ജറ്റിലാണ് പാലക്കാട്ട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചത്. അതിനായി 239 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറാൻ സർക്കാർ ഉത്തരവായിട്ടുമുണ്ട്. അലൂമിനിയം കോച്ചുകൾ നിർമ്മിക്കാനുള്ള പദ്ധതിയോട് 'സെയിൽ' താല്പര്യം കാണിക്കാത്തതിനാൽ നാഷണൽ അലൂമിനിയം കമ്പനിയുമായി ഓഹരി പങ്കാളിത്തമുള്ള പദ്ധതിക്ക് സാധ്യത ആരായാൻ കേന്ദ്ര

റെയിൽവേ മന്ത്രാലയം നിർദ്ദേശിക്കുകയും പി.പി.പി മോഡൽ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 5.8.2016-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലൂമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും റെയിൽവേ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 1.9.2016-ൽ ഡൽഹിയിൽവച്ച് ഒപ്പുവച്ച സംയുക്ത സംരംഭ കരാർ പ്രകാരം 51:49 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടത്തുന്ന എട്ട് പദ്ധതികളിൽ പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

### (2) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

ശ്രീ. കെ. എസ്. ശബരീനാഥൻ: സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥതല വീഴ്ചകളൊഴിവാക്കി പദ്ധതിക്കായി വകയിരുത്തിയ തുക കൃത്യമായി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കണം. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുൾപ്പെടെ പൊതുവിദ്യാഭ്യാസരംഗത്ത് പല മാറ്റങ്ങളുമുണ്ടാക്കാൻ സഹായിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഈ പദ്ധതി കൂടുതൽ

സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിവഴി സാമൂഹിക പ്രതിബദ്ധതയും പൗരബോധവും സേവന സന്നദ്ധതയുമുള്ള യുവജനതയെ വാർത്തെടുക്കുകയാണ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാകുന്ന മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും ഇന്റർനെറ്റ്, മൊബൈൽ ഫോൺ ദുരുപയോഗവും ഒരു പരിധിവരെ തടയുന്നതിന് ഈ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്. പോലീസ് വകുപ്പിന്റെ ഓർഗനൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനുള്ള സർക്കാർ ധനസഹായം അനുവദിക്കുന്നത്. നടപ്പു സാമ്പത്തികവർഷം ഇതിനായി വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ല/സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം സാധ്യതകൾ വിലയിരുത്തി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതി ചെയർമാൻ കൂടിയായ സംസ്ഥാന പോലീസ്

മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## IV സബ്മിഷൻ

### (1) ബൈപ്പാസുകളുടെ നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മണ്ണ് ലഭ്യമാക്കുന്നതിൽ ജില്ലാ ഭരണകൂടം കാണിക്കുന്ന നിഷ്ക്രിയത്വം കാരണവും തൊഴിലാളി പ്രശ്നങ്ങളാലും കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്. പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രസ്തുത ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കരാർ പ്രകാരം കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ യഥാക്രമം 2017 നവംബർ, സെപ്റ്റംബർ മാസങ്ങളിലാണ് പൂർത്തീകരിക്കേണ്ടത്. കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിൽ കരാർ പ്രകാരമുള്ള പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും മണ്ണിന്റെ ദൗർലഭ്യം കാരണം പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രശ്ന പരിഹാരം വൈകുന്നതിലെ അതൃപ്തി കളക്ടറെ അറിയിച്ചിട്ടുണ്ട്. പ്രാദേശികമായ തൊഴിലാളി പ്രശ്നങ്ങളാലും മറ്റു കാരണങ്ങളാലും

ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വ്യവസ്ഥ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയിലെ വ്യവസ്ഥകൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷൻ കരാർ നിയമാനുസൃതമായ രണ്ടുഘട്ട തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ 40 വർഷ കാലാവധിക്ക് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 2015 ആഗസ്റ്റ് മാസം 17-ാം തീയതിയാണ് സംസ്ഥാന സർക്കാർ ഒപ്പുവച്ചത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഗൈഡ്ലൈൻ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രസ്തുത കരാറിന്റെ പൂർണ്ണരൂപം വിഴിഞ്ഞം തുറമുഖ

കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം തുറമുഖത്തിനു മാത്രമായുള്ള ആകെ തുകയായ 5552 കോടി രൂപയിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. നിർമ്മാണ കാലയളവിൽ കേന്ദ്ര സർക്കാർ ചെലവ് സഹായധനമായി 817.8 കോടി രൂപയും ഫണ്ടഡ് വർക്കും ചെലവ് സഹായധനമായി നൽകുന്ന 408.9 കോടി രൂപയുമുൾപ്പെടെ സംസ്ഥാന സർക്കാർ 1871.9 കോടി രൂപയും നൽകുന്നു. അതിനു പുറമെ അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജലലഭ്യത, റെയിൽ കണക്റ്റിവിറ്റി എന്നിവയ്ക്കായി 1973 കോടി രൂപയും സർക്കാർ വഹിക്കുന്നതാണ്. പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ 30 ശതമാനം സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും നിബന്ധനങ്ങൾക്കും വിധേയമായി തുറമുഖേതര വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ 1635 കോടി രൂപയുടെ ചെലവ് വഹിക്കുന്ന സ്വകാര്യ പങ്കാളിക്ക് അനുവാദമുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതി നടത്തിപ്പുസമയത്ത് ശ്രദ്ധയിൽ വരുന്ന കരാറിലെ കുറവുകൾ പരിഹരിച്ച് മുന്നോട്ടുപോകുക എന്നതുമാണ് സർക്കാർ നയം.

(3) <u>ഇന്റർനെറ്റിന്റെ ദുരുപയോഗം</u>

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ഇന്റർനെറ്റിന്റെ ദുരുപയോഗം കാരണം

കുട്ടികളിലുണ്ടാകുന്ന സ്വഭാവ വൈകൃതങ്ങൾ തടയുന്നതിനും സ്കൂളുകളിൽ കൗൺസിലിംഗ് നടത്തുന്നതിന് അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്നതുമൂലം സ്വഭാവ വൈകൃതങ്ങൾ ഉണ്ടാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി സ്കൂൾതലത്തിൽ കൗൺസിലിംഗ് ഏർപ്പെടുത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ, സൈബർ കോൺഫറൻസ്, എക്സിബിഷൻ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ഇന്റർനെറ്റ് സർവ്വീസ് ലഭ്യമാകുന്ന സ്ഥാപനങ്ങളിൽ അത് ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനകളും നടത്തിവരുന്നു. വീടുകളിലെ ഇന്റർനെറ്റ് കമ്പ്യൂട്ടർ സൗകര്യം എല്ലാവരും കാണുന്ന രീതിയിൽ ക്രമീകരിക്കുന്നതിനും കുട്ടികളെ വഴിതെറ്റിക്കുന്ന വെബ്സൈറ്റുകൾ ബ്ലോക്ക് ചെയ്യുന്നതിനും വിജ്ഞാനപ്രദമായ വെബ്സൈറ്റുകൾ നോക്കുന്നതിന് വഴികാട്ടിയായി പ്രവർത്തിക്കുന്നതിനും രക്ഷകർത്താക്കൾക്ക് നിർദ്ദേശം നൽകിയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചും കുട്ടികൾ ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂളുകൾ,

കോളേജുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി. എന്നിവയുടെ ആവശ്യപ്രകാരം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും ഇന്റർനെറ്റ് ദുരുപയോഗത്തെകുറിച്ചുമുള്ള ലഘുലേഖകൾ സ്കൂളുകളിൽ വിതരണം ചെയ്തുവരുന്നു.

(4) പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. മുല്ലക്കര രത്നാകരൻ: കൊല്ലം ജില്ലയിലെ ചിതറ കേന്ദ്രമാക്കി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 29-09-2015-ലെ ഉത്തരവുപ്രകാരം കൊല്ലം ജില്ലയിലെ ചിതറ ഉൾപ്പെടെ ആറ് സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും 04-01-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം കടയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി മാറ്റി നിശ്ചയിച്ചുകൊണ്ട് ചിതറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(5) എമിഗ്രേഷൻ വിഭാഗം ജീവനക്കാരുടെ പെരുമാറ്റം

ശ്രീ. അനൂപ് ജേക്കബ്: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ജീവനക്കാരുടെ അപമര്യാദയായ പെരുമാറ്റത്തിനെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേന്ദ്ര സർക്കാരിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷൻ ഉദ്യോഗസ്ഥരാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ ചുമതല വഹിക്കുന്നത്. അന്യത്ര സേവന വ്യവസ്ഥയിൽ വിമാനത്താവളത്തിൽ ജോലി ചെയ്യുന്ന കേരളാ പോലീസ് ഉദ്യോഗസ്ഥരുടെ ചുമതലയും അച്ചടക്ക നിയന്ത്രണവും ബ്യൂറോ ഓഫ് എമിഗ്രേഷനിൽ നിക്ഷിപ്തമായതിനാൽ അവരുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകൾ നടത്താൻ സംസ്ഥാന പോലീസിന് സാധിക്കുകയില്ലെന്ന് മാത്രമല്ല, അവരുടെ ഭാഗത്തുനിന്നും മോശമായ പെരുമാറ്റമുണ്ടായതായ പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. വിമാനത്താവള അധികൃതർക്കോ എമിഗ്രേഷൻ അധികൃതർക്കോ ഇത്തരം പരാതികൾ ലഭിച്ചതായുള്ള അറിയിപ്പ് ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(6) അനിശ്ചിതകാല സമരം

ശ്രീ. എം. സ്വരാജ്: മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിലെ ജീവനക്കാരുടെ തൊഴിൽപരമായ പരാതികൾ പരിഹരിച്ച് അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരളാ സ്റ്റേറ്റ് പ്രൈവറ്റ് ചിറ്റ് & ഫിനാൻസ് എംപ്ലോയീസ് യൂണിയൻ സി.ഐ.ടി.യു. എന്ന സംഘടനയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കുന്ന മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിലെ ചില ജീവനക്കാരെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും വിദൂര ശാഖകളിലേയ്ക്കും കൂട്ടമായി സ്ഥലംമാറ്റിയതിനെതിരെ സംഘടന പ്രതിഷേധ ധർണ്ണ നടത്തുകയും തുടർന്ന് അനിശ്ചിതകാല പണിമുടക്ക് നടത്താൻ തീരുമാനിക്കുകയുമുണ്ടായി. തർക്ക പരിഹാരത്തിനായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മാനേജ്മെന്റിനേയും യൂണിയൻ പ്രതിനിധികളേയും ഉൾപ്പെടുത്തി നടത്തിയ ചർച്ചയിൽ സമരാനുകൂലിയായ ഒരു ജീവനക്കാരനെ പിരിച്ചുവിട്ടതായും സൂചനാ പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാർക്ക് എട്ട് ദിവസത്തെ ശമ്പളം നൽകില്ലെന്ന് മാനേജ്മെന്റ് സർക്കുലർ പുറപ്പെടുവിച്ചതായും സംഘടന അറിയിക്കുകയുണ്ടായി. ചർച്ചയ്ക്കുശേഷവും മാനേജ്മെന്റ് 51 ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ഒരു കോൺട്രാക്ട് തൊഴിലാളിയെ പിരിച്ചുവിടുകയുമുണ്ടായി. തൊഴിൽ വകുപ്പുമന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് ബോണസ് വിതരണം ചെയ്യുമെന്നും സൂചനാ പണിമുടക്കിന്റെ അടിസ്ഥാനത്തിൽ കുറവുചെയ്ത എട്ട് ദിവസത്തെ ശമ്പളത്തിൽ ഏഴ് ദിവസത്തെ ശമ്പളം നൽകുമെന്നും ട്രാൻസ്ഫർ ചെയ്ത തൊഴിലാളികൾ അതത് സ്ഥലങ്ങളിൽ ജോലിക്ക് പ്രവേശിക്കണമെന്നും മാനേജ്മെന്റ് അറിയിച്ചു. ട്രാൻസ്ഫർ വിഷയത്തിൽ മാറ്റമില്ലെന്ന മാനേജുമെന്റ് നിലപാടിനോട് യൂണിയൻ വിയോജിക്കുകയും തർക്കം ഒത്തുതീർപ്പാക്കാത്തതിനാൽ സമര പരിപാടികളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും നവംബർ 3 മുതൽ അനിശ്ചിതകാല സമരം ആരംഭിക്കുകയുമുണ്ടായി. തർക്ക പരിഹാരത്തിന് തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നാല് ചർച്ചകൾ നടത്തിയെങ്കിലും പ്രതികാര നടപടികളുടെ ഭാഗമായ ട്രാൻസ്ഫറുകൾ പിൻവലിക്കുന്നതിന് മാനേജ്മെന്റ് തയ്യാറാകാത്തത് സർക്കാരിന്റെ ശ്രമത്തിന് വിഘാതമായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ പ്രകാരവും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് പ്രകാരവും നടപടി സ്വീകരിച്ചുവരുന്നു. ഒത്തുതീർപ്പിന് മാനേജ്മെന്റ് തയ്യാറായാൽ തുടർ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(7) <u>സ്റ്റോറേജ് ഡാം</u>

ശ്രീ. ബി. ഡി. ദേവസ്സി: തുമ്പൂർമുഴിക്കും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും ഇടയിൽ ഒരു സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ചാലക്കുടി പുഴയിലെ പെരിങ്ങൽക്കുത്ത് ഇടതുകര ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ വൈദ്യുതി ഉത്പാദനത്തിനുശേഷം ലഭിക്കുന്ന ജലമുപയോഗിച്ച് ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിൽ ജലവിതരണം നടത്തുന്നതിനാൽ കനാലിലേയ്ക്ക് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് ക്രമരഹിതമാവുകയും കനാലുകളുടെ അവസാന ഭാഗത്ത് വെള്ളമെത്തിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. പ്രസ്തുത ഭാഗത്ത് ജലം ലഭ്യമാകുന്നതിനുവേണ്ടി അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും തുമ്പൂർമുഴിയ്ക്കുമിടയിൽ സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിന് 20 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. ചാലക്കുടി പുഴയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ട് സ്റ്റോറേജ് ഡാമുകളുടെയും നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ചാലക്കുടി, അങ്കമാലി, ഇരിങ്ങാലക്കുട, പുതുക്കാട് മണ്ഡലങ്ങളുടെ ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും.

(8) പദ്ധതികൾക്ക് ഭരണാനുമതി

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: കഴിഞ്ഞ സർക്കാർ അധിക പദ്ധതി വിഹിതമായി 500 കോടി രൂപ അനുവദിച്ച് അനുമതി നൽകിയിരുന്ന 11 ഇനം പദ്ധതികൾക്ക് പകരം തെരുവുനായ നിയന്ത്രണം, ആധുനിക അറവുശാല, മാലിന്യ

സംസ്കരണം, ആധുനിക ശ്മശാനങ്ങൾ എന്നീ നാല് ഇനങ്ങൾ മാത്രമായി ഈ സർക്കാർ തീരുമാനിച്ചെങ്കിലും പദ്ധതികൾക്ക് അംഗീകാരം നൽകി തുടർ നടപടി സ്വീകരിക്കാത്തതിനാൽ പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകി പദ്ധതി വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): SFC-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ട തുകയിൽനിന്ന് 500 കോടി രൂപ വിവേചനാധികാരത്തോടെ നൽകുന്ന ഫണ്ടായി മാറ്റിവയ്ക്കുകയും ജില്ലാ പഞ്ചായത്തുകളോടും കോർപ്പറേഷനോടും പ്രോജക്ടുകൾ തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുക അനുവദിച്ചതിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കഴിഞ്ഞ വർഷത്തെക്കാൾ കുറവ് വന്നുവെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ 500 കോടി രൂപ മാനദണ്ഡപ്രകാരം ഉപാധിരഹിത ഫണ്ടായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് പ്രഖ്യാപിക്കുകയും അത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ആധുനിക അറവുശാല, ആധുനിക ശ്മശാനങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് വായ്പയായോ മറ്റോ ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണ്.

## (9) റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. എ. എം. ആരിഫ്: അരൂർ ബൈപ്പാസ് - ഇടക്കൊച്ചി, അരൂർ-അരുകുറ്റി എന്നീ റോഡുകൾ വീതികൂട്ടി ബി.എം. & ബി.സി. ഘടനയിൽ KIIFB മുഖാന്തിരം പുനരുദ്ധരിക്കുന്നതിനും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഈ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റും സീഫുഡ് ഫാക്ടറികളും സ്ഥിതിചെയ്യുന്നതുകൊണ്ട് 100 കണക്കിന് ഹെവി ലോഡ് കണ്ടെയ്നറുകൾ വന്നുപോകുന്നതും ഡ്രെയിനേജ് സൗകര്യങ്ങളുടെ അഭാവവും റോഡ് തകരാറിന് കാരണമാകുന്നു. റോഡുകൾ ദീർഘകാല സംരക്ഷണ മാനദണ്ഡത്തോടെ ബി.എം. & ബി.സി. നിലവാരത്തിൽ ഉപരിതലം ഡിസൈൻ ചെയ്ത് അത്യാവശ്യ ഡ്രെയിനേജ് സൗകര്യങ്ങളോടുകൂടി പുനർനിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലോ മറുപടി പ്രസംഗത്തിലോ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളാണ് ഇപ്പോൾ KIIFB മുഖാന്തിരം നടത്താൻ ഉദ്ദേശിക്കുന്നത്. 200 കോടിയിൽപ്പരം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ അരൂർ മണ്ഡലത്തിൽ ഉണ്ടെങ്കിലും പ്രസ്തുത പ്രവൃത്തി അതിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പുന:ക്രമീകരിച്ച് മുൻഗണനാ

പ്രകാരം നടത്തുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യാവുന്നതാണ്. ഇപ്പോൾ 42 കോടി രൂപയുടെ പുതിയ വർക്ക് ഏറ്റെടുക്കാൻ മരാമത്ത് വകുപ്പിന് നിർവ്വാഹമില്ല.

(10) നവീകരണ പ്രവൃത്തി

ശ്രീ. സണ്ണി ജോസഫ്: കർണ്ണാടകയിലെ മൈസൂരിലേയ്ക്കുള്ള പ്രധാനപ്പെട്ട അന്തർ സംസ്ഥാന പാതയായ തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി.-2 പദ്ധതിയിൽപ്പെടുത്തി 53.12 കിലോമീറ്റർ ദൈർഘ്യമുള്ള തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനാകാത്തതിനാൽ പ്രസ്തുത റോഡ് 2 റീച്ചുകളായി തിരിച്ച് ടെണ്ടർ ചെയ്ത് കരാറുകാർ എഗ്രിമെന്റ് വച്ച് തുടങ്ങിയ പ്രവൃത്തികൾ ഇപ്പോൾ പുരോഗതിയിലാണ്. കരാറിൽ രണ്ട് പ്രവൃത്തികളും 30.06.2018-ൽ തീർക്കുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ തീർക്കുന്നതിന് കോൺട്രാക്ടർമാർക്കും സൂപ്പർവൈസറി കൺസൾട്ടന്റായ Egis International-നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(11) നെല്ല് സംഭരണം

ശ്രീ. കെ. എം. മാണി: കുട്ടനാട്ടിൽ കെട്ടിക്കിടക്കുന്ന നെല്ല് സപ്ലൈകോ വഴി സംഭരിക്കുന്നതിനും കൃഷിവകുപ്പ് മുൻകയ്യെടുത്ത് വിത്ത് വിതരണം നടത്തുന്നതിനും നെല്ല് സംഭരണ വിലയുടെയും പമ്പിംഗ് സബ്സിഡിയുടെയും കർഷക പെൻഷന്റെയും മുഴുവൻ കടിശ്ശികകളും കൊടുത്തുതീർക്കുന്നതിനും ആവശ്യമായ ഒരു പാക്കേജ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2005 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം ഏർപ്പെടുത്തുകയും എല്ലാ ജില്ലകളിലും അത് തുടർന്നുകൊണ്ടിരിക്കുകയുമാണ്. 2016-17 വർഷം നാളിതുവരെ ആലപ്പുഴ ജില്ലയിലെ 17186 കർഷകരിൽ നിന്നായി 61554 മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ഈ വർഷം ആലപ്പുഴ ജില്ലയിൽ പുറക്കാട് കരിനിലം മേഖലയിൽ ഇലപ്പുള്ളി രോഗവും മുഞ്ഞയും ബാധിച്ച നെൽപ്പാടങ്ങളിൽനിന്നും കൊയ്തെടുത്ത ഇരുന്നൂറ് മെട്രിക് ടൺ ഗുണനിലവാരം കുറഞ്ഞ നെല്ല് ഭക്ഷ്യയോഗ്യമല്ലാത്തതിനെത്തുടർന്ന് സപ്ലൈകോ വഴി സംഭരിച്ച് കാലിത്തീറ്റയുണ്ടാക്കുന്നതിനായി കേരളാ ഫീഡ്സിന് നിർദ്ദേശം നൽകുകയും ബാക്കി നെല്ല് മറ്റ് കമ്പനികൾ എറ്റെടുക്കാത്തതിനെത്തുടർന്ന് കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ

മോഡേൺ റൈസ് മിൽ വഴി സംഭരിക്കാൻ നിർദ്ദേശം നൽകുകയും സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള 132.34 കോടി രൂപയിൽ 123 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അപ്പർ കുട്ടനാട്ടിലടക്കമുള്ള എല്ലാ സ്ഥലത്തും നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് നെല്ല് സംഭരണം നടക്കുന്നില്ലെന്ന് പരാതി ലഭിച്ചാൽ അതിന് പരിഹാരം കണ്ടെത്തും. സ്റ്റേറ്റ് സീഡ് അതോറിറ്റി, കർണ്ണാടക സീഡ് കോർപ്പറേഷനും എൻ.എസ്.സി.യും മുഖേനയാണ് സംസ്ഥാനത്ത് വിത്ത് വിതരണം നടത്തുന്നത്. കൃഷിവകുപ്പ് നേരിട്ട് വിത്ത് വിതരണം ചെയ്യുന്നത് സീഡ് അതോറിറ്റി വഴിയാണ്. കൃഷിഭവനുകൾ വഴി കൊടുക്കുന്നതിനാവശ്യമായ എല്ലാ വിത്തിനങ്ങളും സംഭരിച്ചിട്ടുണ്ട്. എൻ.എസ്.സി.യുടെ വിത്തുകൾ മുൻകൂറായി പണം അടച്ചുകൊണ്ട് കൃഷിക്കാർ സ്വന്തം ഇഷ്ടപ്രകാരമാണ് ബുക്ക് ചെയ്യുന്നത്. കർണ്ണാടക സീഡ് അതോറിറ്റിയും വിത്ത് വിതരണം നടത്തിയിട്ടുണ്ട്. കുട്ടനാട് ഉൾപ്പെടെയുള്ള ഒരു സ്ഥലത്തും നെൽവിത്ത് ലഭിക്കാത്തതിനാൽ നെൽകൃഷി നിർത്തിവച്ചിട്ടുള്ള സാഹചര്യം നിലവിലില്ല. കുട്ടനാട് നെൽകർഷകർക്കാവശ്യമായ 2060 മെട്രിക് ടൺ നെൽ വിത്തിൽ 1320 മെട്രിക് ടൺ നെൽ വിത്ത് ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 740

മെട്രിക് ടൺ വിത്ത് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ഇതിനുപുറമെ ആയിരം മെട്രിക് ടൺ ഉമ നെൽവിത്ത് വിതരണ അതോറിറ്റിയുടെ കൈവശം കരുതൽ ശേഖരവും ഉണ്ട്. നാഷണൽ സീഡ് കോർപ്പറേഷൻ കർഷകരിൽനിന്നും മുൻകൂറായി പണം വാങ്ങി നൽകാമെന്ന് ഏറ്റിരുന്ന നെൽവിത്ത് വിതരണം ചെയ്യുന്നില്ലെന്ന് അറിഞ്ഞയുടൻ തന്നെ എൻ.എസ്.സി.- റീജിയണൽ മാനേജറുമായും സീഡ് അതോറിറ്റി ഡയറക്ടറുമായും ബന്ധപ്പെട്ട് വിത്ത് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏത് ഏജൻസിയുടെ വിത്ത് വാങ്ങിയാലും കർഷകർക്ക് സബ്സിഡി പൂർണ്ണമായും നൽകുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. 07-11-2016-ലെ യോഗ തീരുമാനപ്രകാരം എൻ.എസ്.സിയുടെ വിത്ത് വിതരണം ചെയ്യാത്ത സ്ഥലങ്ങളിൽ സ്റ്റേറ്റ് സീഡ് അതോറിറ്റിവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ :

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള ലിസ്റ്റ് 1 പ്രകാരവും ചട്ടം 47(2), ചട്ടം 236(5), ചട്ടം 236(6) എന്നിവ പ്രകാരവുമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഏഴു മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ക്രമപ്രശ്നം

<u>വിവിധ സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവച്ച സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ പലതും വർഷങ്ങൾക്ക് മുമ്പുള്ളതാണ്. റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതിനാൽ പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനുള്ള അംഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടുകയും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുകയും ചെയ്യുന്നു. ചട്ടങ്ങളും റെഗുലേഷനുകളും സ്കീമുകളും പുറപ്പെടുവിച്ചുകഴിഞ്ഞാൽ അവ തൊട്ടടുത്ത സഭാസമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഭരണ റിപ്പോർട്ടുകൾ നിയമസഭയിൽ ഏത് കാലപരിധിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യക്തമായ

മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അക്കാര്യത്തിൽ വ്യക്തത വരുത്തണം. കാലതാമസത്തിന് യുക്തിസഹമല്ലാത്ത കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നത് ആശങ്കാജനകമാണ്. ആയതിനാൽ ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിവിധ സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ കൃത്യമായി നിയമസഭയ്ക്ക് ലഭ്യമാക്കുന്നതിൽ പല വകുപ്പുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന അലംഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണ റിപ്പോർട്ടുകൾ നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തുന്നത് അപ്രകാരം റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ ഉദ്ദേശത്തെ ഹനിക്കുന്നതാണ്. ഭരണ റിപ്പോർട്ടുകൾ നിയമസഭയ്ക്ക് ലഭ്യമാക്കുന്നതിൽ സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച് എത്രയുംവേഗം അവ ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകൾക്കും ഇതുസംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ഇക്കാര്യത്തിന് സമയപരിധി നിശ്ചയിക്കുന്നത് നന്നായിരിക്കും.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : വിവിധ സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ നിയമസഭയിൽ സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക ആഡിറ്റ് റിപ്പോർട്ടുകളും ഭരണ റിപ്പോർട്ടുകളും സ്റ്റാറ്റ്യൂട്ടറിയായിത്തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ടുകൾ സഭയുടെ <u>മേശപ്പുറത്തു</u> വയ്ക്കണമെന്ന പ്രത്യേക നിയമ വ്യവസ്ഥ നിലവിലില്ലാത്തതിനാൽ അവ നിയമസഭാംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യുന്ന പതിവാണ് നിലനിൽക്കുന്നത്.

സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ എപ്രകാരമാണ് തയ്യാറാക്കേണ്ടതെന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക വകുപ്പുകളും സമയബന്ധിതമായി വാർഷിക ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുകയോ നിയമസഭാംഗങ്ങൾക്ക് ലഭ്യമാക്കുകയോ ചെയ്യുന്നില്ലെന്നാണ് സ്ഥിതിവിവര

കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച മാത്രമല്ല, നിയമസഭാംഗങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ ലംഘനംകൂടിയാണ്. ആകയാൽ സർക്കാരിന്റെ എല്ലാ വകുപ്പുകളും തങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സഭയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാരുമായി ആലോചിച്ചശേഷം തീരുമാനിക്കാവുന്നതാണ്.

## VIII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അടൂർ പ്രകാശ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. മുൻ യു.ഡി.എഫ്. സർക്കാർ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 (എ)

വകുപ്പിന് ഭേദഗതി വരുത്തുകയുണ്ടായി. എല്ലാ ജില്ലകളിലും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തി നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട നിരവധി പരാതികൾ പരിഹരിക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളിൽ പത്ത് സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ അഞ്ച് സെന്റും അപേക്ഷ നൽകുന്ന വ്യക്തിയുടെ പേരിൽ മറ്റ് ഭൂമിയില്ലെങ്കിൽ അവർക്ക് വീട് വയ്ക്കാനുള്ള അനുമതിയും നൽകിയിരുന്നു. സംസ്ഥാനത്ത് വർഷങ്ങൾക്കുമുമ്പ് വീട് വച്ച് താമസിക്കുന്നവരുടെ ഭൂമി റവന്യൂ റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. അത്തരം കേസ്സുകൾ പരിശോധന നടത്തി വ്യക്തത വരുത്തണം. റിമോട്ട് സെൻസിംഗ് സംവിധാനമുപയോഗിച്ച് പരിശോധന നടത്തി കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): കേരളത്തിലെ 1076 കൃഷി ഭവനുകളിൽ 599 സ്ഥലത്ത് നോട്ടിഫിക്കേഷൻ നടത്തുകയും 413 സ്ഥലത്ത് നോട്ടിഫിക്കേഷനാവശ്യമായ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 46 കൃഷി ഭവനുകളിൽ നിലവിലുള്ള സംവിധാനമനുസരിച്ച് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: 2008-നുശേഷം നികത്തിയ ഭൂമിയിൽ

ഉദ്യോഗസ്ഥരെ സ്വാധീനിച്ചുകൊണ്ട് 2008-നുമുമ്പ് നികത്തിയതാണെന്ന വ്യാജേന അപേക്ഷ കൊടുത്ത് അനർഹർ കടന്നുകൂടാൻ ഇടയുള്ളതുകൊണ്ടാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയ ശേഷം റെഗുലറൈസ് ചെയ്താൽ മതിയെന്നു തീരുമാനിച്ചതെന്നും ഡാറ്റാ ബാങ്ക് തയ്യാറാക്കാതെ റെഗുലറൈസ് ചെയ്യുന്നത് നിയമത്തെ മറികടക്കാൻ സഹായിക്കുമെന്നും അതുകൊണ്ടാണ് 3 (എ) പിൻവലിക്കുന്നതെന്നും മന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിനുശേഷം റെഗുലറൈസ് ചെയ്യുന്നതിന് പകരം 3(എ) വകുപ്പ് പിൻവലിക്കാതെ ഒരു സർക്കുലർ ഇറക്കിയാൽ പ്രശ്നം പരിഹരിക്കാനാകും. കേരളത്തിൽ നെൽകൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വ്യാപ്തി ഗണ്യമായി കുറഞ്ഞു വരുന്നതിനാൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ട്. ആറന്മുള വിമാനത്താവളത്തിന്റെ പദ്ധതി പ്രദേശം കൃഷിക്ക് ഉപയോഗിക്കുമെന്ന് പറഞ്ഞെങ്കിലും ഒന്നര ഏക്കർ സ്ഥലം മാത്രമാണ് അതിനുവേണ്ടി വിനിയോഗിച്ചത്. നെൽവയൽ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 2008-ൽ നിയമം പാസ്സാക്കിയത്. നെൽവയൽ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ തയ്യാറാകണം. ആറന്മുള വിമാനത്താവള

നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങളുടെയും ആരോപണങ്ങളുടെയും ഉത്തരവാദിത്വം യു.ഡി.എഫ്.-ന്റെ മേൽ കെട്ടിവയ്ക്കുന്ന നിലപാട് ശരിയല്ല. നികത്തിയ നിലം റെഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള 93000-ൽപ്പരം അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമ്പോൾ 50-60 വർഷങ്ങളായി കൈവശമുള്ള ഭൂമിയിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് വീട് പുതുക്കിപ്പണിയുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നത് ഖേദകരമാണ്. പ്രസ്തുത നിയമത്തിലെ 3 (എ) ഒഴിവാക്കൽ ഭേദഗതി കൊണ്ടുവരുന്നതിലൂടെ സാധാരണക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാടിൽ മാറ്റം വരുത്തണം. 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമി റെഗുലറൈസ് ചെയ്യുന്നതിനാണ് 3 (എ) ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലെ ജനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നമായതിനാൽ സൂക്ഷ്മപരിശോധനയിലൂടെ മാത്രം ഈ ഭേദഗതി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിലുള്ള ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരുമ്പോൾ അത് സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ ബാധിക്കുമെന്നുള്ളത് പരിശോധനാ വിധേയമാക്കണം. 3 (എ) ഭേദഗതി നിലവിൽ വരുമ്പോൾ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ

നേരിടേണ്ടിവരികയും പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുകയും ചെയ്യും. നികത്തപ്പെട്ട ഭൂമികൾ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള എഴുപത്തിമൂവായിരത്തോളം ആളുകളുടെ അപേക്ഷകൾ പരിശോധന നടത്താതെ നിരസിക്കുകയും വെറും 58 പേർക്കുമാത്രം ഗുണകരവുമാകുന്ന ഒരു നടപടിയാണ് ഈ ഭേദഗതിയിലൂടെ ഉണ്ടാകാൻ പോകുന്നത്. ബില്ലിലെ 3(എ) ഒഴിവാക്കുമ്പോൾ മൂലനിയമത്തിൽ അത് എവിടെ ചേർക്കണമെന്ന് പറഞ്ഞിട്ടില്ല. കൃഷി ഭൂമി സംരക്ഷിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ഭൂമിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനു ഡാറ്റാബാങ്ക് കുറ്റമറ്റതാക്കാനുമുള്ള നടപടി സ്വീകരിക്കണം. മലബാർ മേഖലയിൽ പട്ടയത്തിനുവേണ്ടി ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനും 20 വർഷത്തിൽ കൂടുതൽ കൈവശമുള്ള അവിതർക്കിതഭൂമിക്ക് പട്ടയം നൽകുന്ന കാര്യത്തിലും ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിലും നടപടി സ്വീകരിക്കണം. മമ്പാട് പഞ്ചായത്തിൽ ഭൂമി കയ്യേറി വിതരണം ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അർഹരായവർക്ക് വ്യവസ്ഥാപിതമായ രീതിയിൽ ഭൂമി പതിച്ചുനൽകുന്നതിനും തയ്യാറാകണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പരിസ്ഥിതി സംരക്ഷിക്കുന്നതിനും നെൽവയലുകളും തണ്ണീർത്തടങ്ങളും നിലനിർത്തുന്നതിനുമാണ് മുൻ എൽ.ഡി.എഫ്. സർക്കാർ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ബിൽ കൊണ്ടുവന്നത്. നികത്തപ്പെടുന്ന സ്ഥലത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം തുക സർക്കാരിൽ കെട്ടിവച്ച് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താമെന്ന വകുപ്പ് കൊണ്ടുവന്ന് പ്രസ്തുത നിയമത്തെ അട്ടിമറിക്കാനാണ് യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്. വൻതോതിൽ നിലം നികത്തുന്നതിന് കൂട്ടുനിന്നുകൊണ്ട് ഭൂമാഫിയകൾക്ക് അനുകൂലമായ നിലപാടാണ് മുൻ സർക്കാർ സ്വീകരിച്ചത്. പരിസ്ഥിതിയെ തകർക്കുന്ന ഇത്തരം നയങ്ങൾ സംസ്ഥാനത്തെ വരൾച്ചയും ജലക്ഷാമവുമടക്കം കടുത്ത പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഭൂമി കച്ചവടക്കാരെ സഹായിക്കുന്ന തിന് യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന 3 (എ) വകുപ്പ് സംസ്ഥാന താല്പര്യം കണക്കിലെടുത്ത് ഒഴിവാക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ കാർഷിക മേഖലയെ തകർക്കുന്ന നയങ്ങളാണ് മുൻ സർക്കാർ പിന്തുടർന്നത്. ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കും. മുൻ

സർക്കാരിന്റെ തെറ്റ് തിരുത്തുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ഭേദഗതിയെ അനുകൂലിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമനിർമ്മാണത്തിലൂടെ മാത്രം നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ കഴിയില്ല. കൃഷി ലാഭകരമായാൽ മാത്രമേ കൃഷി ഭൂമിയുടെ സംരക്ഷണം സാധ്യമാകുകയുള്ളൂ. നെല്ലിന്റെ സംഭരണവിലയും സംഭരണത്തോതും വർദ്ധിപ്പിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉല്പാദനച്ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുമെന്ന എൽ.ഡി.എഫ്-ന്റെ പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കണം. പാവപ്പെട്ടവർ വീടുവയ്ക്കുന്നതിന് നെൽവയൽ നികത്തുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം. ഭൂമി കൈമാറ്റം ചെയ്യുന്നതിന് സീലിംഗ് ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കണം. പതിറ്റാണ്ടുകളായി നികന്നുകിടക്കുന്നതും പുരയിടമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ ഭൂമി റവന്യൂ

റിക്കാർഡുകളിൽ 'വയൽ' എന്ന് രേഖപ്പെടുത്തിയതുമൂലം ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സാധാരണക്കാർക്ക് അനുകൂലമായ നിയമനിർമ്മാണ നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3(എ) വകുപ്പ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. നെൽവയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുന്നത് തടയുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തിലെ 3 (എ) വകുപ്പ് നിലനിൽക്കുന്നത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ ശുദ്ധിക്ക് ഗുണമല്ലാത്തതിനാലാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരുന്നത്. ശാസ്ത്രീയമായ പരിശോധനകൾ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തുകളിൽ പ്രാദേശിക പരിശോധനകൾ നടത്താതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസിദ്ധപ്പെടുത്തിയ കരട് ഡാറ്റാബാങ്കിൽ തണ്ണീർത്തടങ്ങളും വയലുകളും നികത്തപ്പെട്ട ഭൂമിയായും വർഷങ്ങൾക്കുമുമ്പ് നികത്തപ്പെട്ട കരഭൂമി തണ്ണീർത്തടങ്ങളായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രീയമായ പഠനങ്ങൾ നടത്തി കുറ്റമറ്റ രീതിയിൽ

ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനായി സാറ്റലൈറ്റ് സർവ്വേ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റൽ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ഡാറ്റാ ബാങ്ക് നിലവിൽ വരാതെ ഭൂമി റെഗുലറൈസ് ചെയ്തുകൊടുക്കാൻ കഴിയില്ല. കോഴിക്കോട്-കൊട്ടൂളി തണ്ണീർത്തടത്തിന്റെ അനധികൃത നികത്തലിനെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് നഗരപ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും ഭൂമി വീതം നികത്തുന്നതിന് അനുമതി നൽകുന്നതിനുള്ള സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നികത്തിയ പതിനായിരക്കണക്കിന് ഏക്കറോളം ഭൂമി റെഗുലറൈസ് ചെയ്യുന്നതിനും കൂടിയാണ് 3(എ) വകുപ്പ് പിൻവലിക്കുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നെൽവയലോ തണ്ണീർത്തടമോ അല്ലാത്തതും ബി.റ്റി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയതുമായ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ടെന്ന സുപ്രീം കോടതി വിധിയുള്ളതിനാൽ 3(എ) വകുപ്പ് പിൻവലിച്ചതുകൊണ്ട് പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനായി ഭൂമി നികത്തുന്നതിന് ബുദ്ധിമുട്ടുണ്ടാവുകയില്ല. അഞ്ച്/പത്ത് സെന്റ് ഭൂമിയിൽ നിലം നികത്തി നിർമ്മിച്ച വീടുകൾക്ക് നമ്പർ

നൽകുന്നതിന് വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പിൻവലിച്ച് അഞ്ച്/പത്ത് സെന്റ് ഭൂമിയിൽ നിലം നികത്തി നിർമ്മിച്ച വീടുകൾക്ക് നമ്പർ നൽകുന്നതിന് ഗവൺമെന്റ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

118, 120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

132. ഖണ്ഡം 3-ൽ "അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ സാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ" എന്ന വാക്കുകൾക്ക് ശേഷം "പരിഹാരത്തെയോ" എന്ന വാക്ക് ചേർക്കുക.

127, 129, 130, 131, 133, 134, 135, 136, 137, 138, 139, 140, 141, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

106, 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

110. ഖണ്ഡം 1(2)-ൽ "തന്നെ" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: 2008-ന് മുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങൾക്ക് ഫീസ് ചുമത്തി റവന്യൂ രേഖകളിൽ റഗുലറൈസ് ചെയ്ത് കൊടുക്കുമെന്ന 2009-10, 2010-11 വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനം യു.ഡി.എഫ് സർക്കാർ നടപ്പിലാക്കുകയാണ് ചെയ്തത്. നിലം നികത്തിയ ഭൂമി കൃഷിയിടമായിട്ടുണ്ടെങ്കിൽ

അവ റെഗുലറൈസ് ചെയ്തു കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കണം. നിയമം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതായിരിക്കണം.

2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX വ്യക്തിപരമായ വിശദീകരണം

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം

ശ്രീ. ഉമ്മൻ ചാണ്ടി: സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്കെതിരായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരും ഞാനും പ്രവർത്തിച്ചുവെന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസ്താവന യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. 1991-മുതൽ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതാണ്. സുപ്രീം കോടതിയിലും ദേശീയ ഹരിത ട്രൈബ്യൂണലിലും മത്സ്യത്തൊഴിലാളികളുടെ പേരിലുമുണ്ടായിരുന്ന കേസുകൾ പരിശോധിച്ച് ടെണ്ടർ വ്യവസ്ഥകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് സുതാര്യമായ രീതിയിലുള്ള തീരുമാനങ്ങളാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. അദാനി ഗ്രൂപ്പിനെ വഴിവിട്ടു സഹായിച്ചുവെന്ന പരാതി അടിസ്ഥാന രഹിതമാണ്. ഇതുസംബന്ധിച്ച് ഏതന്വേഷണവും നേരിടാനും തയ്യാറാണെന്ന കാര്യം വ്യക്തമാക്കുകയാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

(2) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അടൂർ പ്രകാശ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടിയാണ് സ്വയംഭരണാവകാശത്തോടുകൂടിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസ്സാക്കിയത്. ബോർഡിൽ ആറ് അംഗങ്ങളുണ്ടായിരിക്കേണ്ടതാണെന്നും അതിൽ ഒരു വനിതാ അംഗവും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗവും

ഉണ്ടായിരിക്കണമെന്നും ചെയർപേഴ്സന്റെ യോഗ്യത സംബന്ധിച്ചും വ്യക്തത വരുത്തിയാണ് ബിൽ പാസ്സാക്കിയത്. രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രസ്തുത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ പിരിച്ചുവിടുന്നതിനുള്ള നീക്കമാണ് ഈ ഭേദഗതി ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. നിലവിലെ ബോർഡ് അംഗങ്ങളെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കണം. നിലവിലെ റിക്രൂട്ട്മെന്റ് ബോർഡ് നിഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചില്ലെന്നും ഭീമമായ തുക ശമ്പള ഇനത്തിൽ കൈപ്പറ്റിയെന്നുമുള്ള ആരോപണം ശരിയല്ല. 2015-ൽ നിലവിൽവന്ന നിയമത്തെ അടിസ്ഥാനമാക്കി അഞ്ച് മാസത്തിനുള്ളിൽ ചട്ടം പുറപ്പെടുവിക്കുകയും സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് റൂൾസിൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതുക്കിയ ചട്ടത്തിൽ ഭേദഗതി കൊണ്ടുവരികയും ബോർഡ് നിയമന നടപടികൾ സ്വീകരിച്ച് ശാന്തിക്കാരന്റെയും ആന പാപ്പാന്മാരുടെയും ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ തീയതി തീരുമാനിക്കുകയും ചെയ്തശേഷം പ്രസ്തുത നിയമനങ്ങൾ മരവിപ്പിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. രാഷ്ട്രീയ താൽപ്പര്യം സംരക്ഷിക്കാനുള്ള ശ്രമമാണ് ഭേദഗതി ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ബോർഡ് അംഗങ്ങളുടെ എണ്ണം മൂന്നായി കുറയ്ക്കുന്നതിനും ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി

നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണാക്കുന്നതിനുമാണ് ഈ ഭേദഗതി ബില്ലിലൂടെ നിശ്ചയിച്ചിരിക്കുന്നത്. ബോർഡിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതിലൂടെ ഭരണപരമായ ചെലവ് കുറയ്ക്കാനാകുമെന്ന സർക്കാർ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല. നിലവിലുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് വർഷത്തെ കാലാവധിയുണ്ടായിട്ടും തൽപ്പരകക്ഷികളെ നിയമിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകളിൽ വ്യക്തത വരുത്താൻ സർക്കാർ തയ്യാറാകണം. ശബരിമലയിൽ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ആചാരാനുഷ്ഠാനങ്ങൾക്കെതിരായ രീതിയിൽ സുപ്രീംകോടതിയിൽ അഫിഡവിറ്റ് നൽകിയ നടപടി ശരിയാണോയെന്ന് സർക്കാർ ആലോചിക്കണം. ഓരോ ക്ഷേത്രങ്ങളിലേയും ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തമാണ്. അതിന്റെ ഭാഗമായാണ് ശബരിമലയിൽ 10 വയസിനും 50 വയസിനുമിടയിലുള്ള സ്ത്രീകൾക്ക് പ്രവേശനം നിരോധിച്ചിരിക്കുന്നത്. പ്രായപരിധിയില്ലാതെ സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച് പൊതുചർച്ച നടത്തി അഭിപ്രായമാരാഞ്ഞതിനുശേഷം സുപ്രീംകോടതിയിൽ അഫിഡവിറ്റ് കൊടുക്കേണ്ടതായിരുന്നു. ദേവസ്വം ബോർഡിന്റെ സ്ഥാപനങ്ങളിൽ ഹിന്ദുമതത്തിൽപ്പെട്ടവർക്ക്

സംവരണതത്വത്തിലൂടെ തൊഴിൽ കൊടുക്കണം. ഈ ദേഭഗതി ബിൽ രാഷ്ട്രീയപ്രേരിതവും ഇഷ്ടമുള്ളവരെ തിരുകിക്കയറ്റാൻവേണ്ടിയുള്ളതുമാണ്.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദേവസ്വം വകുപ്പുമന്ത്രിതന്നെ ദേവസ്വം ബോർഡിലെ ഒഴിവുകൾ പി.എസ്.സി-ക്ക് വിടുമെന്നും അത് ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണെന്നും നിയമസഭയിൽ പറഞ്ഞതിനുശേഷം റിക്രൂട്ട്മെന്റ് ബോർഡിലെ ഭേദഗതിയുമായി വന്നത് സംശയാസ്പദമാണ്. ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടതും താന്ത്രിക വിധിപ്രകാരമുള്ളതുമായ 60 ശതമാനം ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഒരു ചെറിയ സംവിധാനം ആവശ്യമുണ്ടെന്ന് പറയുകയും ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ദേവസ്വം ബോർഡിലെ നിയമനങ്ങൾ മുഴുവൻ പി.എസ്.സി-ക്ക് വിടുമെന്നും 60 ശതമാനം വിടില്ലെന്ന് പറയുകയും ചെയ്യുന്നത് വിരോധാഭാസമാണ്. പല ക്ഷേത്രങ്ങളിലും 10 വർഷത്തോളമായി നിയമനങ്ങൾ നടക്കുന്നില്ല. നിയമനവുമായി ബന്ധപ്പെട്ട അഴിമതിയുണ്ടായപ്പോൾ ഹൈക്കോടതി നിർദ്ദേശമനുസരിച്ച് ജസ്റ്റിസ്

പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. സർക്കാർ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്ന സംവിധാനം കൊണ്ടുവന്നത്. ബോർഡിന്റെ അംഗത്വത്തിൽനിന്ന് മദ്യോല്പാദനവുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്താനുള്ള തീരുമാനം പിൻവലിച്ചത് സ്വാഗതാർഹമാണ്. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ എല്ലാ വിഭാഗക്കാർക്കും നിയമനം ലഭിക്കുന്നുണ്ടെങ്കിലും കോളേജുപോലുള്ള ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിൽ ഇപ്പോഴും സംവരണതത്വം പാലിക്കാറില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർപേഴ്സണായി നിയമിക്കുന്ന ആളിന്റെ യോഗ്യതയും അംഗങ്ങളുടെ കാലാവധിയും നിശ്ചയിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ ഉദ്ദേശ്യ ശുദ്ധിയെ ചോദ്യം ചെയ്യുന്നവിധത്തിലുള്ളതാണ്. നിയമത്തിനുള്ളിൽ നിന്നുതന്നെ നിലവിലുള്ള അംഗങ്ങളെ പുറത്താക്കിയിരുന്നെങ്കിൽ ഇങ്ങനെയൊരു ഭേദഗതിയുടെ ആവശ്യമുണ്ടാകുമായിരുന്നില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ 6 പേരെ ഒഴിവാക്കി 3 പേരെ കൊണ്ടുവരുന്നത് ശരിയായ നടപടിയല്ല. ആറാം വകുപ്പ് എവിടെ പ്ലേസ് ചെയ്യണമെന്ന് ബില്ലിൽ

വ്യക്തമാക്കിയിട്ടില്ല. കൃത്യമായ ഒരു പർപ്പസിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ആക്ട് ഭേദഗതി ചെയ്യുമ്പോൾ വിശ്വാസപരമായ കാര്യങ്ങൾ സൂക്ഷ്മമായി കൈകാര്യം ചെയ്യണം. സാമ്പത്തിക സ്രോതസില്ലാത്ത പല ചെറിയ ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത ദുരവസ്ഥ നിലനിൽക്കുകയാണ്. സ്വതന്ത്ര ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാന്യമായ ശമ്പളം കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും മലബാർ ദേവസ്വം ആക്ടിൽ സമഗ്രമായ ഭേദഗതി കൊണ്ടുവരുന്നതിനും വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് ക്ഷേത്രക്കുളങ്ങൾ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതിനും ശുദ്ധജലവിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടിക്കുവേണ്ടി (ശ്രീ. ആർ. രാമചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ വ്യത്യസ്ത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഭരണ നിർവ്വഹണം

നടത്തിവരുന്ന ആയിരക്കണക്കിന് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ ഗവൺമെന്റിന് യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ദേവസ്വം ബോർഡ് നടത്തിവരുന്ന നിയമനങ്ങളിൽ വ്യാപകമായ അഴിമതി കണ്ടെത്തിയതിനെത്തുടർന്ന് ഹൈക്കോടതി നിർദ്ദേശ പ്രകാരം ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് നിയമനങ്ങൾ കേരള സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തെങ്കിലും ദേവസ്വം ബോർഡുകൾ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ കാലതാമസം വന്നു. തുടർന്ന് അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റ് പ്രസ്തുത തീരുമാനം റദ്ദാക്കുകയും അഞ്ച് വർഷ കാലാവധിയുള്ള ആറംഗ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തെങ്കിലും ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകൾക്ക് സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ നിയമനം പി.എസ്.സി.-ക്ക് വിടുന്നതുവരെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ താൽക്കാലികമായി നിലനിർത്തിക്കൊണ്ട് ബോർഡംഗങ്ങളുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്നും നിയമ പരിജ്ഞാനമുള്ള വ്യക്തിയെ

ചെയർമാനാക്കണമെന്നുമുള്ള നയപരമായ തീരുമാനവുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബോർഡംഗങ്ങളുടെ കാലാവധി മൂന്ന് വർഷമാക്കി നിജപ്പെടുത്തുന്നതിനും ദേവസ്വം ബോർഡ് മീറ്റിംഗിനുള്ള ക്വാറത്തിൽ മാറ്റം വരുത്തുന്നതിനും നിലവിലെ ആറംഗ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ അഴിമതി മുക്തമാക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും ബില്ലിലെ വ്യവസ്ഥകൾക്കനുസൃതമായി നിലവിൽ വരുന്ന ബോർഡിന് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ദേവസ്വം ബോർഡ് നിയമനങ്ങളിൽ പി.എസ്.സി.യുടെ സംവരണ തത്വങ്ങൾ പാലിക്കുകയും ക്ഷേത്ര ജോലികളിൽ പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ഉറപ്പാക്കുകയും വേണം. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ദേവസ്വം ബോർഡിന് കീഴിലുള്ള സ്കൂൾ-കോളേജ്-മറ്റിതര സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാത് ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സംവരണതത്വം പാലിച്ച് നിയമനങ്ങൾ സുതാര്യമാക്കാനും ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകളിലെ അഴിമതി തടയുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സ്വതന്ത്ര വിജിലൻസ് സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ദുരവസ്ഥ

പരിഹരിക്കുന്നതിനും ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനും ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ജലവിഭവ-വനം -പരിസ്ഥിതി വകുപ്പുകളുടെ ഏകോപനത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കാനും മുൻകയ്യെടുക്കണം. ക്ഷേത്രങ്ങളോട് ചേർന്ന് കിടക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. കെ. എസ്. ശബരീനാഥനുവേണ്ടി (ശ്രീ. കെ. മുരളീധരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനം റദ്ദാക്കാനും ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ ഏൽപ്പിക്കാനും മുൻ ഗവൺമെന്റ് തീരുമാനിച്ചു. ബോർഡിന്റെ പ്രവർത്തനങ്ങളെയും അംഗങ്ങളുടെ എണ്ണത്തെയും ബോർഡിന്റെ കാലാവധിയെയും ചെയർമാനാകേണ്ട വ്യക്തിയുടെ യോഗ്യതയെയും സംബന്ധിച്ച് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് വ്യക്തമായ തീരുമാനമെടുത്തിരുന്നു. എന്നാൽ കാലാകാലങ്ങളിൽ മാറി വരുന്ന

ഗവൺമെന്റുകൾക്കനുസൃതമായി നിയമത്തിൽ ഭേദഗതി വരുത്തുന്നതിലൂടെ ബോർഡിന്റെ സ്റ്റാറ്റ്യൂട്ടറി പദവിയെ സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഇപ്പോഴത്തെ ഭേദഗതി നിയമ പ്രകാരം ചെയർമാന് പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പ്രായം ചെന്നവരെ കുടിയിരുത്താനുള്ള ഒരു സ്ഥാപനമായി ദേവസ്വം ബോർഡ് മാറുകയാണ്. നിയമനങ്ങൾ മുഴുവൻ പി.എസ്.സി.-ക്ക് വിടുമെന്ന് പറഞ്ഞെങ്കിലും യാഥാർത്ഥ്യം മനസ്സിലാക്കി നിയമനം വീണ്ടും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് നൽകാനുള്ള ഉചിതമായ തീരുമാനമെടുത്തതിനെ അഭിനന്ദിക്കുന്നു. വർഷങ്ങളായി നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളിൽ ഒറ്റയടിക്ക് മാറ്റം വരുത്തുന്നത് ശരിയല്ല. എന്നാൽ അതിലെ തെറ്റായ വിശ്വാസങ്ങളെയും പ്രവണതകളെയും സാമൂഹ്യ പരിഷ്കർത്താക്കളുടെ ശ്രമഫലമായി തിരുത്തി എഴുതിയിട്ടുണ്ട്. നിലവിലെ ഐതിഹ്യപ്രകാരം 10 വയസ്സുവരെയുള്ള പെൺകുട്ടികൾക്കും 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കും ശബരിമല ദർശനം നടത്താം. ഓരോ ക്ഷേത്രത്തിനും ഓരോ ആചാരമാണുള്ളത്. നിലവിലുള്ള വിശ്വാസങ്ങളിൽ മാറ്റംവരുത്തുന്നത് അനാവശ്യ സംഘർഷങ്ങൾക്കും കലാപങ്ങൾക്കും വഴിയൊരുക്കും. അതുകൊണ്ട് ക്ഷേത്ര ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി സംവിധാനം നിലനിർത്തുന്നതിനായി ഇപ്പോഴത്തെ ഭേദഗതി ഒഴിവാക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഈ ബില്ലിൽ രാഷ്ട്രീയപ്രേരിതമായിട്ടല്ല ഭേദഗതി കൊണ്ടുവന്നത്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 60 ശതമാനത്തോളംവരുന്ന മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനും താന്ത്രികവിധി പ്രകാരമുള്ള നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്നതിനും തീരുമാനിച്ചിരുന്നതാണ്. ഇതിനായി 5 ദേവസ്വങ്ങളിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കണമായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പി.എസ്.സി.യുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുകയും അതിന് അംഗീകാരം നേടുകയും ചെയ്തുവെങ്കിലും അത് അസാധാരണ ഗസറ്റായി വരേണ്ട സമയത്താണ് ഭരണമാറ്റമുണ്ടായത്. പിന്നീടുവന്ന ഗവൺമെന്റ് പൊതുസമൂഹത്തിന്റെ താൽപ്പര്യമനുസരിച്ച് പ്രവർത്തിക്കാതെ അസാധാരണ ഗസറ്റ് പുറപ്പെടുവിക്കാൻ തയ്യാറായ തിരുവിതാംകൂർ ദേവസ്വം ബോർഡിലും മറ്റ് 4 ദേവസ്വങ്ങളിലും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം അതിനെ മരവിപ്പിക്കുകയാണുണ്ടായത്. അതുകൊണ്ടാണ് നിയമനം നടത്താനായി 10 വർഷത്തെ കാലതാമസമുണ്ടായത്. ഈ ഗവൺമെന്റും അടിസ്ഥാനപരമായ നിലപാടിൽ നിന്നും പിറകോട്ട് പോകുന്നില്ല. മിനിസ്റ്റീരിയൽ സ്റ്റാഫിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മിഷനെ ചുമതലപ്പെടുത്തുന്നതുവരെ ഉദ്യോഗാർത്ഥികളെ

തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള ബോർഡിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചതുകൊണ്ടാണ് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് അനുയോജ്യമായി ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടാലും താന്ത്രിക വിധിപ്രകാരമുള്ള മറ്റ് നിയമനങ്ങൾ നടത്തുന്നതിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലനിർത്തേണ്ടതുണ്ട്. അഞ്ച് ദേവസ്വം ബോർഡുകളിലായി ഏതാണ്ട് 1500 ഓളം ഒഴിവുകളിലേയ്ക്ക് നിയമനം നടത്താനുണ്ട്. കേരളത്തിലെ ഏതെങ്കിലും ഒരു ദേവസ്വം ബോർഡിന്റെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് പട്ടികജാതിക്കാരനെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ അംഗസംഖ്യ ആറിൽ നിന്ന് മൂന്ന് ആയി കുറയ്ക്കുന്നതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ, ജില്ലാ ജഡ്ജി/ജില്ലാ ജഡ്ജി സ്ഥാനത്തുനിന്ന് വിരമിച്ച ആൾ/ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരാളെയാണ് ചെയർമാനായി നിയമിക്കുന്നത്. അംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണമെന്നും മറ്റൊരാൾ പട്ടികജാതിയിലോ/ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാകണമെന്നും അവർക്ക് ഭരണപരമായ പരിചയം ഉണ്ടാകണമെന്നും പറയുന്നുണ്ട്. ആചാരങ്ങളും

അനുഷ്ഠാനങ്ങളുമൊക്കെ മാറ്റങ്ങൾക്ക് വിധേയമാണ്. അവയ്ക്ക് ദോഷം വരത്തക്ക വിധത്തിലുള്ള നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കുന്നതല്ല. ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. കോടതിയുടെ തീരുമാനം നടപ്പിലാക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. മലബാർ ദേവസ്വം ബില്ലിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതാണ്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ അമ്പലങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ പുരോഗതിക്കും വളർച്ചയ്ക്കുമായി സമഗ്രമായ നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കും. ഹൈക്കോടതിയുമായി ആലോചിച്ച് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കോടതി ഇടപെടലുകൾ കുറച്ചുകൊണ്ടുവരുന്നതിന് ശ്രമിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം

സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

112, 113, 114, 116, 117, 120, 121, 123, 125, 129, 130, 131, 132, 133, 134, 136, 137, 138, 139, 140, 141, 142, 144, 145, 146, 147, 148, 149, 150, 151, 152, 154, 156, 157, 159, 160, 161 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

162, 163, 164, 165, 168, 169, 170, 171, 172, 173, 174, 175, 176, 177, 178, 179, 180, 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു :

162. ഖണ്ഡം 3 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(i)-ൽ " (i) " എന്നതിനു പകരം " (1) " എന്നു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

184, 187, 188, 189, 190, 191, 193, 194 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

197, 198, 199, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105, 106, 107, 108, 109, 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു :

107. പീഠികയിൽ "ഇനിപ്പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>) : 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(സഭ വൈകുന്നേരം 5.08-ന് പിരിഞ്ഞു.)